മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 20

# വാർത്താക്കുറിപ്പ് (1)

---

## ദേശീയ ശിൽപ്പശാല; രജിസ്റ്റർ ചെയ്യാം

സ്വാതന്ത്ര്യത്തിൻറെ അമൃത മഹോത്സവത്തിൻറെ ഭാഗമായി ക്രൊമാറ്റോഗ്രഫി, സ്പെക്ട്രോഗ്രഫി, മൈക്രോസ്കോപ്പി എന്നിവയുമായി ബന്ധപ്പെട്ട ദേശീയ പരിശീലന ശിൽപ്പശാല നവംബർ 28 മുതൽ ഡിസംബർ നാലുവരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.

സർവകലാശാലയിലെ സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെൻറ് ഫെസിലിറ്റിയും (ഡി.എസ്.ടി സെയ്ഫ്), കാഞ്ഞിരപ്പള്ളി സെൻറ് ഡോമിനിക്സ് കോളേജിലെ ബോട്ടണി വകുപ്പും സംയുക്തമായി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിൻറെയും മൈസൂരിലെ ജെ.എസ്.എസ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻറെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

ഡി.എസ്.ടി സെയ്ഫ് കേന്ദ്രത്തിൽ നടക്കുന്ന ശിൽപ്പശാലയിൽ രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 30 പേർക്ക് പങ്കെടുക്കാം. ശാസ്ത്ര വിഷയങ്ങളിലെ പി.എച്ച്.ഡി വിദ്യാർഥികൾ, പോസ്റ്റ് ഡോക്ടറൽ - റിസർച്ച് ഫെലോകൾ, അസിസ്റ്റൻറ് പ്രഫസർമാർ എന്നിവർക്കാണ് അവസരം.

ഒക്ടോബർ 31ന് വൈകുന്നേരം അഞ്ചിനു മുൻപ് ഓൺലൈനിൽ അപേക്ഷ നൽകണം. വിശദ വിവരങ്ങൾ www.saifmgu.in/events എന്ന ലിങ്കിൽ ലഭിക്കും.

(പി.ആർ.ഒ./39/1497/2022)

## കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ വനിതാ ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർ തസ്തികകളിൽ ഒരു വർഷത്തേയ്ക്ക് താത്കാലിക / കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

പ്രതിമാസ വേതനം - 15000 രൂപ

അംഗീകൃത സർവകലാശാലാ ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് അടിസ്ഥാന യോഗ്യത. ഹോസ്റ്റലിൽ താമസിക്കാൻ സന്നദ്ധരായ സ്ത്രീകൾക്ക് അപേക്ഷിക്കാം.

ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം soada3@mgu.ac.in എന്ന ഇ-മെയിൽ മുഖേന ഒക്ടോബർ 31 നുള്ളിൽ അപേക്ഷ നൽകാം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in) ലഭിക്കും. ഫോൺ: 0481 - 2733302.

(പി.ആർ.ഒ./39/1498/2022)

## സബ് സെൻറർ

ഒക്ടോബർ 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. / ബി.കോം. (2021 അഡ്മിഷൻ, പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് സബ് സെൻറർ അനുവദിച്ചു. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1499/2022)

## പ്രാക്ടിക്കൽ

ഒന്നു മുതൽ നാലു വരെ വർഷങ്ങളിലെ ബി.ഫാം (2014, 2015 അഡ്മിഷൻ സപ്ലിമെന്ററി, 2011 മുതൽ 2013 വരെ അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ് , 2003 മുതൽ 2010 വരെ അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ സപ്ലിമെന്ററി -ജൂലൈ 2022) ബിരുദ പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 25 മുതൽ നവംബർ 19 വരെ നടക്കും. ഡി.പി.എസ് സി.പി.എ.എസ്. പുതുപ്പള്ളി, ഡി.പി.എസ് സി.പി.എ.എസ്. ചെറുവാണ്ടൂർ കോട്ടയം എന്നിയവാണ് കേന്ദ്രങ്ങൾ. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1500/2022)

## വൈവ വോസി

മൂന്ന്, നാല് സെമസ്റ്റർ എം.കോം. (2018, 2017, 2016 അഡ്മിഷൻ സപ്ലിമെൻററി / 2015, 2014 അഡ്മിഷൻ മെഴ്സി ചാൻസ് പ്രൈവറ്റ് ഡിഗ്രി ഓഗസ്റ്റ്/ സെപ്റ്റംബർ 2022 )പരീക്ഷയുടെ വൈവ വോസി പരീക്ഷ ഒക്ടോബർ 27 ന് സർവകലാശാലയുടെ കീഴിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/1501/2022)

## പരീക്ഷാ ഫലം

ഈ വർഷം ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം, എം.കോം ആൻറ് മാനേജ്മെൻറ് (സി.എസ്.എസ് 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് നവംബർ മൂന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

....................................................

ജൂണിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എജ്യുക്കേഷൻ - ഇൻറലക്ച്വൽ ഡിസെബിലിറ്റി റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് സഹിതം നവംബർ രണ്ടിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

.................................

2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എച്ച്.എം. (2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് നവംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1502/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**